# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1834 17.06.2013-ൽ മറുപടി

### മത തീവ്രവാദ സംഘടനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീമതി. കെ. കെ. ലതിക | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് മത തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) അടുത്തകാലത്തായി ചില മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം കേരളത്തിൽ സജീവമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത്തരം സംഘടനകളുടെ രഹസ്യ കേന്ദ്രങ്ങളുടെ വ്യാപനവും മനുഷ്യത്വ രഹിതമായ പ്രവർത്തനങ്ങളും സർക്കാർ നിരീക്ഷിക്കുന്നുണ്ടോ; പ്രസ്തുത സംഘടനകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പണത്തിന്റെ സ്രോതസ്സിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; | ബി) ഉണ്ട്. സംസ്ഥാന ഇന്റലിജൻസ് വിഭാഗവും മറ്റും ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങളെപ്പറ്റിയും സംഘടനയ്ക്ക് വിദേശ സഹായം ലഭിക്കുന്നുണ്ടോ എന്നതിനെപ്പറ്റിയും നിരന്തരം സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നു. അന്വേഷണം തുടരുന്ന സാഹചര്യത്തിൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താനാവില്ല. |
| സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള സംഘടനകൾക്ക് വിദേശ തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; | സി) സംസ്ഥാന പോലീസും ഇന്റലിജൻസ് വിഭാഗവും ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നുണ്ട്. ദേശ സുരക്ഷയെ ബാധിക്കുമെന്നതിനാൽ അത്തരം നിരീക്ഷണങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താനാവില്ല. |
| ഡി) ഇത്തരം സംഘടനകളെ നിയന്ത്രിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | ഡി) ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ സംസ്ഥാന ഇന്റലിജൻസ് വിഭാഗം അതിസൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നു. ദേശ സുരക്ഷയെ ബാധിക്കുമെന്നതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താനാവില്ല |

സെക്ഷൻ ഓഫീസർ